"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/19981/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 10-10-2024

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പുസ്തകങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നത്തിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ. (സാധാ) നം. 2177/2019/പൊ.വി.വ തീയതി : 06.06.19

2. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.09.2024 ലെ കൈറ്റ്/2024/1425(1) നമ്പർ നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സ്കൂളുകൾ ഹൈടെക്കാക്കുകയും പഠന പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സങ്കേതങ്ങൾകൂടി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഒന്നു മുതൽ നാല് വരെ ക്ലാസുകളിൽ 'കളിപ്പെട്ടി' എന്ന പേരിലും അഞ്ച് മുതൽ ഏഴ് വരെ ക്ലാസുകളിൽ 'ഇ@വിദ്യ' എന്ന പേരിലും ഐസിടി പുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നുണ്ട്. പുതുക്കിയ പ്രൈമറി ഐസിടി പാഠപുസ്തകങ്ങളിൽ നിർമിതബുദ്ധി, വ്യാജവാർത്തകൾ തിരിച്ചറിയൽ, ഫാക്ട് ചെക്കിംഗ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണമായ വിനിമയം എല്ലാ സ്കൂളുകളിലും ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽസാഹചര്യത്തിൽ പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പഠനവും കൂടുതൽ ഫലപ്രദമാക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സ്കൂളിലെ ലോവർ പ്രൈമറി - അപ്പർ പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.സി.ടി. പുസ്തകങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകർ ഒരുക്കേണ്ടതും പഠനം ഉറപ്പുവരുത്തേണ്ടതുമാണ്.

2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രഥമാധ്യാപകരുടേയും വിദ്യാഭ്യാസ ഉപഡയറക്ടർ വിദ്യാഭ്യാസ ഓഫീസർമാരുടെയും അവലോകന യോഗങ്ങളിൽ പ്രൈമറി ക്ലാസുകളിലെ ഐ.സി.ടി. പുസ്തക പഠന പുരോഗതി അജണ്ട ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

3. പരിഷ്കരിച്ച ഐ.സി.ടി. പുസ്തകങ്ങൾ വിനിമയം ചെയ്യുന്നതിന് പരിശീലനം, സാങ്കേതിക സഹായം തുടങ്ങിയവ ആവശ്യമെങ്കിൽ കൈറ്റ് നൽകേണ്ടതാണ്.

Signed by
Shanavas S
Date: 10-10-2024 14:24:27
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. സ്റ്റോക്ക് ഫയൽ